കെ. എസ്. ആർ. ടി. സി.-യുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

70 [2939] ശ്രീ. ബി. വിജയകുമാർ:
,, ഇ. എം. അഗസ്തി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ആർ. ടി. സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്ര രൂപയായിരുന്നു;

(ബി) ഇപ്പോൾ അത് എത്ര രൂപയാണ്;

(സി) ഇനിയും കളക്ഷൻ വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1 കോടി 89 ലക്ഷം രൂപയായിരുന്നു.

(ബി) 2 കോടി 21 ലക്ഷം രൂപയാണ്.

(സി) പുതിയ ബസ്സുകളും നിരത്തിലിറക്കിയും നഷ്ടത്തിൽ ഓടിച്ചിരുന്ന സർവ്വീസുകളും കെ. എസ്. ആർ. ടി. സി.-ക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ പുന:ക്രമീകരിച്ചു കളക്ഷൻ വർദ്ധിപ്പിക്കാനുള്ള നടപടി ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

പ്രവർത്തനക്ഷമമല്ലാത്ത ബസ്സുകളുടെ ലേലം

71 [2940] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ. എസ്. ആർ. ടി. സി.-ക്ക് ഇപ്പോൾ എത്ര ട്രാൻസ്പോർട്ട് ബസ്സുകൾ ഉണ്ടെന്നും അവയുടെ കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള എല്ലാ ബസ്സുകളും പ്രവർത്തനക്ഷമമാണോ;

(സി) പ്രവർത്തനക്ഷമമല്ലാത്ത ബസ്സുകൾ ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 27-7-2005-ലെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി.-ക്ക് 4772 ബസ്സുകൾ ഉണ്ട്. കാറ്റഗറി തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

സിറ്റി	..	262
സിറ്റി ഫാസ്റ്റ്	..	135
ലോ ഫ്ലോർ സിറ്റി ഫാസ്റ്റ്	..	4
ഡബിൾ ഡക്കർ	..	2

LIBRARY ARCHIVES Kerala Legislative Assembly